പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 639-07/01/2014 -ലെ മറുപടിക്ക്

കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ . എസ്. ശർമ്മ | | ശ്രീ.കെ.എം. മാണി, ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) | കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | കെ.എഫ്.സി യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു.<br>1) വായ്പാ കണക്കുകളും ഓഫീസ് നടപടിക്രമങ്ങളും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി കോർ ഫിനാൻഷ്യൽ പാക്കേജ് ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു.<br>2) ഏറ്റെടുത്ത ആസ്തികളുടെ വിൽപ്പന ഇ-ടെണ്ടർ വഴി നടപ്പിലാക്കി.<br>3) ലളിതവും സുതാര്യവുമായ വായ്പാ നയവും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പിലാക്കി.<br>4) വായ്പാ ആസ്തി വർദ്ധിപ്പിക്കുന്നതിനായി സർക്കാർ ഗ്യാരണ്ടിയോടു കൂടിയുള്ള ബോണ്ടു വഴി ധനസമാഹരണം നടപ്പിലാക്കി. |
| (ബി) | കെ.എഫ്.സി.യുടെ പ്രവർത്തനം വൈവിധ്യവൽക്കരിക്കാൻ പദ്ധതിയുണ്ടോ ; | കെ.എഫ്.സി യുടെ പ്രവർത്തനം വൈവിധ്യവൽക്കരിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്നവ നടപ്പിലാക്കുന്നതാണ്.<br>1. റിസർവ്വ് ബാങ്കിന്റെ അനുമതിയോടെ പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കും.<br>2. സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഇന്ററസ്റ്റ് സബ്വെൻഷൻ |

| | | |
|---|---|---|
| | | സ്കീം നടപ്പിലാക്കും.<br>3. ഇൻഷ്വറൻസ് മേഖലയിൽ ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ കോർപ്പറേറ്റ് ഏജൻസിയായി പ്രവർത്തിക്കുവാൻ കോർപ്പറേഷന് അനുമതി ലഭിച്ചിട്ടുണ്ട്. |
| (സി) | നിലവിലുള്ള ഇടപാടുകാരെ സഹായിക്കാനായി കെ.എഫ്.സി എന്തെല്ലാം നടപടി സ്വീകരി ച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ? | Manufacturing Sector നിലവിലുള്ള ലോണുകൾക്ക് പലിശ 1% കുറച്ച് 14% ആയി നിജപ്പെടുത്തി. വായ്പാ തുകയും പലിശയും കൃത്യമായി തിരിച്ചട ക്കുന്നവർക്ക് പലിശയിൽ 2% റിബേറ്റ് നൽകുന്നതാണ്. കൂടാതെ കോർപ്പറേ ഷൻ നടത്തുന്ന ഇന്റേണൽ ക്രെഡിറ്റ് റേറ്റിംഗിൽ 65% ത്തിൽ കൂടുതൽ റേറ്റിംഗ് ലഭിക്കുന്നവർക്ക് പലിശയിൽ 0.5% - ഉം 70% ത്തിൽ കൂടുതൽ റേറ്റിംഗ് ലഭിക്കുന്നവർക്ക് വീണ്ടും 0.5% കുറവും കൂടി അനുവദിക്കുന്നതാണ്.<br>നിഷ്ക്രിയ ആസ്തിയായി മാറിയതും, ഭീമമായ കുടിശ്ശിക ഉള്ളതുമായ വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി സംരംഭകന് തന്റെ കടബാദ്ധ്യത തീർക്കുന്നതിനുള്ള അവസരം നൽകുന്നുണ്ട്.<br><br>കോർപ്പറേഷന്റെ വജ്രജൂബിലി പ്രമാണിച്ച് 2014 മാർച്ച് 31 വരെ, ഒറ്റത്തവണതീർപ്പാക്കൽ അനുവദിച്ചിട്ടും തീർപ്പാക്കാൻ കഴിയാത്ത കുടിശ്ശിക ക്കാർക്ക് കാലതാമസ പലിശയിൽ (Belated Interest on OTS amount) ഒറ്റത്തവണ തീർപ്പാക്കൽ മാനദണ്ഡമാക്കി 50% മുതൽ 100% വരെ ഇളവ് നൽകുന്നുണ്ട്.<br><br>വായ്പാ ഉടമ്പടി പ്രകാരമുള്ള മാസത്തവണകൾ (മുതൽ) അടയ്ക്കു വാൻ കഴിയാത്തതായി വരുന്ന യൂണിറ്റു കൾക്ക് വായ്പ പുനഃക്രമീകരിച്ച് നൽകുന്നുണ്ട് (Reschedulement) വായ്പ കളുടെ തിരിച്ചടവ് കാലാവധി നീട്ടി നൽകുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ